(എ) സംസ്ഥാനത്തെ കശുവണ്ടി തൊഴിലാളികളും പ്രക്ഷോഭത്തിലേർപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കശുവണ്ടി തൊഴിലാളി രംഗത്തെ ട്രേഡ് യൂണിയനുകളും ഉന്നയിച്ച ആവശ്യങ്ങളും പരിശോധിച്ചിട്ടുണ്ടോ;

(ബി) കശുവണ്ടി തൊഴിലാളികളുടെ ന്യായമായ അവകാശങ്ങളും സഹകരണ ഫാക്ടറി ഉടമകളും കവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മുതലാളിമാർ നടത്തുന്ന ഈ ചൂഷണം അവസാനിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) കശുവണ്ടി തൊഴിലാളികളുടെ പ്രശ്നങ്ങളും ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ചചെയ്ത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): (എ) സംസ്ഥാനത്ത് കശുവണ്ടി തൊഴിലാളികളും പ്രക്ഷോഭത്തിൽ ഏർപ്പെട്ടിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. അവർ ഉന്നയിച്ച ആവശ്യങ്ങളും ചർച്ചചെയ്ത് പരിഹാരം കണ്ടെത്തുന്നതിനായി സംസ്ഥാനതല ട്രേഡ് യൂണിയൻ നേതാക്കളുടെയും വ്യവസായ ബന്ധ സമിതിയുടെയും സംയുക്ത യോഗം എന്റെ സാന്നിദ്ധ്യത്തിൽ 7-7-2005-ന് ചേരുകയുണ്ടായി. എല്ലാ പ്രശ്നങ്ങളെയും സംബന്ധിച്ച തുറന്ന ചർച്ച നടക്കുകയും പ്രശ്നപരിഹാരങ്ങളും നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(ബി, സി) ഇതു സംബന്ധിച്ച പരാതികളും 7-7-2005-ന് നടന്ന യോഗത്തിൽ തൊഴിലാളി നേതാക്കളും ഉന്നയിക്കുകയുണ്ടായി. നിയമലംഘനം നടത്തുന്നവരെ കണ്ടെത്തുന്നതിനും അവർക്കെതിരെ നടപടി എടുക്കുവാനും വേണ്ടി പ്രത്യേക സ്ക്വാഡ് രൂപവൽക്കരിച്ചിട്ടുണ്ട്. പരിശോധനാ റിപ്പോർട്ട് റിവ്യൂ കമ്മിറ്റി ചേർന്ന് അവലോകനം ചെയ്യുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) വ്യവസായ ബന്ധ സമിതിയിൽ പ്രശ്നങ്ങളും ചർച്ച ചെയ്തു പരിഹരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ ട്രേഡ് യൂണിയൻ നേതാക്കളുടെയും വ്യവസായ ബന്ധ സമിതിയുടെയും 7-7-2005-ൽ ചേർന്ന സംയുക്ത യോഗത്തിൽ പ്രശ്നങ്ങളും വിശദമായി ചർച്ച ചെയ്തിരുന്നു. മിനിമം വേതനത്തെ സംബന്ധിച്ചും മറ്റുമുള്ള പരാതികളും കൊല്ലം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർക്ക് സമർപ്പിക്കുവാൻ ധാരണയായി. അവ സമയബന്ധിതമായി തീർപ്പാക്കുവാൻ ജോയിന്റ് ലേബർ കമ്മീഷണർക്കും ബന്ധപ്പെട്ട ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് പരാതികളും ലഭിച്ചുകൊണ്ടിരിക്കുന്നതായി ജോയിന്റ് ലേബർ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതാണ്.

ടെക്സ്റ്റൈൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് സെന്റർ

*17 [329] ശ്രീ. ഇ. എം. അഗസ്തി:
,, ലൂഡി ലൂയിസ്:
,, കെ. സുധാകരൻ:
,, ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യ ക്ഷേമവും . വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്സ്റ്റൈൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെൻറ് സെൻറർ സ്ഥാപിക്കുന്നത് എവിടെയാണ്;

(ബി) ഇവിടെ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുന്നത്;

(സി) ഈ പദ്ധതിക്കുവേണ്ടി കേന്ദ്രത്തിൽനിന്ന് എന്തു ധനസഹായം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും . സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) കേന്ദ്ര സർക്കാരിൻെറ ടെക്സ്റ്റൈൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെൻറ് സ്കീം അനുസരിച്ച് സ്ഥാപിക്കുന്ന കിൻഫ്ര ടെക്സ്റ്റൈൽ സെൻറർ കണ്ണൂരിൽ തളിപ്പറമ്പ് താലൂക്കിൽ പന്നിയൂർ, കൂവശ്ശേരി വില്ലേജുകളിലുള്ള നാടുകാണി എന്ന സ്ഥലത്താണ്.

(ബി) ഇവിടെ വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കൂടാതെ ടെക്സ്റ്റൈൽ മേഖലക്ക് പ്രത്യേകമായ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നുണ്ട്. പ്രത്യേകിച്ചും ഒരു ദിവസം 1500 ടൺ നൂലും 70,000 മീറ്റർ തുണിയും പ്രോസസ്സ് ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. കൂടാതെ ചെറുകിട ടെക്സ്റ്റൈൽ വ്യവസായങ്ങളെ ഉദ്ദേശിച്ച് ഒരു ദിവസം മൂന്നു ടൺ നൂൽ പ്രോസസ്സ് ചെയ്യുന്നതിനുള്ള മെഷിനറി അടക്കമുള്ള സൗകര്യങ്ങളും തയ്യാറാക്കുന്നുണ്ട്.

(സി) ഈ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി ചിലവാക്കുന്ന തുകയുടെ 75% വരെ പരമാവധി 20 കോടിരൂപ, കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിൽ നിന്നും ധനസഹായമായി ലഭിക്കുന്നതാണ്.

റോഡ് സുരക്ഷാ ഫണ്ട്

*18 [330] ശ്രീ. പി. എസ്. സുപാൽ:
,, എൻ. രാജൻ:
,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) റോഡപകടങ്ങളിൽപ്പെടുന്നവർക്കും മരണമടയുന്നവർക്കു വേണ്ടിയും റോഡ് സുരക്ഷാ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് രൂപീകരിച്ചത്;

(സി) ഇതിനകം ഈ ഫണ്ടിൽ നിന്നും എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly